LIBRARY ARCHIVES Kerala Legislative Assembly

ഹാൻഡ്‌ലൂം ഉൽപ്പന്നങ്ങളുടെ റിബേറ്റ്

31 [2158] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയെ സംരക്ഷിക്കുവാൻ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) ഹാൻഡ്‌ലൂം കോർപ്പറേഷൻ ലാഭത്തിലാക്കുവാൻ എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

(സി) ഹാൻഡ്‌ലൂം ഉൽപ്പന്നങ്ങളുടെ റിബേറ്റ് നിർത്തലാക്കുവാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) റിബേറ്റ് പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാമോ;

(ഇ) ഹാൻഡ്‌ലൂം ഉൽപ്പന്നങ്ങൾ സംസ്ഥാനത്തെ റേഷൻകടകൾ വഴി വിറ്റഴിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ദീൻദയാൽ കൈത്തറി വികസന പദ്ധതിപ്രകാരം ഹാൻവീവ് പുനരുദ്ധരിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്.

(സി—ഡി) റിബേറ്റ് പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല.

(ഇ—എഫ്) ഈ നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കൈത്തറി നെയ്ത്തുകാരെക്കുറിച്ച് ഒരു സർവ്വേ

32 [2159] ശ്രീ. ലൂഡി ലൂയിസ്:

,, വർക്കല കഹാർ:

,, ഇ. എം. അഗസ്തി:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള കൈത്തറി നെയ്ത്തുകാരെക്കുറിച്ച് ഒരു സർവ്വെ നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് സർവ്വേയ്ക്ക് വിധേയമായത്;

(സി) സംസ്ഥാനത്ത് കൈത്തറി മേഖലയിൽ എത്ര കൈത്തറി നെയ്ത്തുകാരുണ്ട്;

---

†അനുബന്ധം III

അനുബന്ധം III

[15-7-2004-ലെ ചോദ്യം നമ്പർ 31 (2158)-ന്റെ ഉത്തരം ദയവായി കാണുക]

കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

ദീൻ ദയാൽ കൈത്തറി വികസന പദ്ധതി (ഡി.ഡി.എച്ച്.പി.വൈ.)

- കേരളത്തിലെ പ്രവർത്തനക്ഷമമായ 385 സഹകരണ സംഘങ്ങളിലെ 10,000 നെയ്ത്തുകാർക്കായി 25 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നു.
- ഇതിനകം 239 സംഘങ്ങളുടെ 17.75 കോടി രൂപയുടെ പ്രോജക്ടുകൾക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചു.
- അംഗീകാരം ലഭിച്ച എല്ലാ പ്രോജക്ടുകൾക്കുമായി 7.21 കോടി രൂപ ഒന്നാം ഗഡുവായി ഇതിനകം വിതരണം ചെയ്തു.
- മാർക്കറ്റ് സ്റ്റഡി തറികളുടെ നവീകരണം, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം (ഡൈ ഹൗസ്, വാർപ്പിംഗ് ആന്റ് സൈസിംഗ് സൗകര്യങ്ങൾ), മൂല്യ വർദ്ധനവ് വരുത്തിയ ആകർഷണീയമായ ഉൽപ്പന്നങ്ങൾക്ക് രൂപ കൽപ്പന (പ്രോജക്ട് ഡിസൈൻ ഡവലപ്പ്മെന്റ്), നെയ്ത്തുകാർക്കു വിദഗ്ദ്ധ പരിശീലനം, ഉൽപ്പാദനം, വിപണനം എന്നീ പ്രവർത്തനങ്ങളാണ് പദ്ധതികൊണ്ട് ലക്ഷ്യമാക്കിയിട്ടുള്ളത്.
- പദ്ധതി നടപ്പാക്കുന്നതിനായി വിപുലമായ സജ്ജീകരണങ്ങൾ ഇതിനകം ഒരുക്കിക്കഴിഞ്ഞു. എല്ലാ ജില്ലകളിലും പദ്ധതി നടപ്പാക്കി വരുന്നു. വിശദാംശം അനുബന്ധം I-ൽ കൊടുത്തിരിക്കുന്നു.

റിബേറ്റ് ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ് സ്കീം

- റിബേറ്റ് ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ് ഇനത്തിൽ 2001-2002 വർഷം മുതൽ 2003-2004 വരെ 53.16 കോടി രൂപ വിതരണം ചെയ്തു. ഇതിൽ റിബേറ്റിനത്തിൽ മാത്രം സംസ്ഥാന സർക്കാർ അനുവദിച്ചത് 18.79 കോടി രൂപയാണ്. കൂടാതെ മാർക്കറ്റിംഗ് ഇൻസെന്റീവ് ഇനത്തിൽ അനുവദിച്ച 34.37 കോടി രൂപയും 18.68 കോടി രൂപ സംസ്ഥാന വിഹിതവുമാണ്.

റിബേറ്റ് ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ് ഇനത്തിൽ കഴിഞ്ഞ 3 വർഷം പ്രാഥമിക സംഘങ്ങൾക്ക് മാത്രം അനുവദിച്ച 34.11 കോടി രൂപയുടെ 60 ശതമാനവും തിരുവനന്തപുരം ജില്ലയ്ക്കാണെന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III—(തുടർച്ച)

റിബേറ്റ് കുടിശ്ശികയാണ് കഴിഞ്ഞ 3 വർഷംകൊണ്ട് കൊടുത്ത് തീർത്തത്. ഇനി അവശേഷിക്കുന്നത് 2001-2002-ലെ റിബേറ്റ് കുടിശ്ശികയും, അതിനുശേഷം പ്രഖ്യാപിച്ച ദിവസത്തെ റിബേറ്റുമാണ്. ഈ തുക ഫണ്ടിന്റെ ലഭ്യത കൂടി കണക്കിലെടുത്ത് കഴിയുന്നത്ര വേഗം അനുവദിക്കുന്നതാണ്. നടപ്പുവർഷം, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി 1.10 കോടി രൂപ റിബേറ്റ് മാർക്കറ്റിംഗ് ഇൻസെന്റീവ് ഇനത്തിൽ ഇതിനകം വിതരണം ചെയ്തിട്ടുമുണ്ട്.

റിബേറ്റ്-മാർക്കറ്റിംഗ് ഇൻസെന്റീവ് അനുവദിച്ച് തുക പരിശോധിച്ചാൽ 1996-1997 മുതൽ 2000-2001 വരെ (5 വർഷം) ശരാശരി 14.71 കോടി രൂപയാണ് പ്രതിവർഷം അനുവദിച്ചതെങ്കിൽ, 2001-2002 മുതൽ 2003-2004 വരെ (3 വർഷം) പ്രതിവർഷം അനുവദിച്ച ശരാശരി തുക 17.72 കോടി രൂപയാണെന്ന് കാണാം.

വിദേശ വിപണി ലക്ഷ്യമാക്കി നടപ്പാക്കുന്ന വികസന പദ്ധതികൾ

വിദേശ വിപണി ലക്ഷ്യമാക്കി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ ഹാൻലൂം എക്സ്പോർട്ട് സ്കീം സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഇതുവരെ സംഘങ്ങളുടെ 5.07 കോടി രൂപയുടെ 13 പ്രോജക്ടുകൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചു. ഇതിൽ 2.12 കോടി രൂപയുടെ 5 പ്രോജക്ടുകൾ കേന്ദ്ര സർക്കാർ അംഗീകരിച്ചു. അവ 5-ഉം കണ്ണൂർ ജില്ലയിലാണ് നടപ്പാക്കിവരുന്നത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (ഹൈദ്രാബാദ്) എന്ന ദേശീയ സ്ഥാപനമാണ്, പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രോജക്ട് ഡിസൈൻ ഡവലപ്പ്മെന്റിനുള്ള കൺസൾട്ടൻസിയായി നിയോഗിച്ചിരിക്കുന്നത്.

വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾക്ക് രൂപകല്പന നൽകുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്നീ സ്ഥാപങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ള 8 പ്രോജക്ടുകൾ ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

ഹാങ്ക് യാൺ സബ്സിഡി

നൂലിന് സബ്സിഡി നൽകുന്ന പദ്ധതി സർക്കാർ നടപ്പാക്കുന്നുണ്ട്. 1 കിലോ നൂലിന് ശരാശരി 15 രൂപയാണ് സബ്സിഡിയായി നൽകുന്നത്. ഈ പദ്ധതിപ്രകാരം നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കാൻ നടപ്പുവർഷം 2 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

പുതിയ സംസ്ഥാനാവിഷ്കൃത പദ്ധതികൾ

പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഹാന്റ്ക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്കും ഓഹരി പങ്കാളിത്തം, യാൺ ബാങ്കുകൾക്ക് പ്രവർത്തന മൂലധനത്തിനുള്ള മാർജിൻമണി, എക്സ്പോർട്ട് സബ്സിഡി തുടങ്ങിയ 9-ാം പദ്ധതികാലത്തെ പ്രധാനപ്പെട്ട എല്ലാ പദ്ധതിയും 10-ാം പദ്ധതിയിലും

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III—(തുടർച്ച)

തുടരാൻ തീരുമാനിക്കുകയും അവ നടപ്പാക്കുകയും ചെയ്യുന്നുണ്ട്. അതിനു പുറമെ, സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്ന പുതിയ പദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്നു:

- വിദഗ്ദ്ധ നെയ്ത്തുകാരെ കണ്ടെത്തി അവർക്ക് പരിശീലനവും പ്രോത്സാഹനവും നൽകി ഗുണമേന്മയേറിയ കൈത്തറി ഉല്പന്നങ്ങൾ നെയ്തെടുക്കുന്നതിന് സഹായകരമായ ഒരു പദ്ധതി കലാപരമായ കൈത്തറി വസ്ത്രങ്ങളുടെ വിപുലീകരണം എന്ന പേരിൽ 2002-2003 മുതൽ നടപ്പാക്കി തുടങ്ങി.
- നെയ്ത്തിലും ഡയിംഗിലും ഡിസൈനിലും വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള പദ്ധതി.
- ഫാക്ടറി ടൈപ്പ് സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധ ധനസഹായം നൽകുന്ന പദ്ധതി.
- സ്വകാര്യമേഖലയിൽ കൈത്തറി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.
- നാചറൽ ഡയിംഗ് വികസിപ്പിച്ചെടുക്കുന്നതിനും അത് കൈത്തറി വസ്ത്ര നിർമ്മാണരംഗത്ത് വ്യാപകമായി പ്രയോജനപ്പെടുത്തി അവയ്ക്ക് വിദേശവിപണി കണ്ടെത്തുന്നതിനും സഹായകരമായി ഒരു കോടി രൂപയുടെ പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

അനുബന്ധം IV

[15-7-2004-ലെ ചോദ്യം നമ്പർ 84 (2211)-ന്റെ ഉത്തരം ദയവായി കാണുക.]

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള തൊഴിലാളി ക്ഷേമനിധികളിലേക്ക് ഉടമകളുടെ വിഹിതത്തിന്റെ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുവാനുള്ള തുക

ക്ഷേമനിധി ബോർഡിന്റെ പേര്		*പിരിച്ചെടുക്കുവാനുള്ള തുക*	
കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്	. .	24,31,096	രൂപ
കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്	. .	35,30,00,000	,,
കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്	. .	2,14,677	,,

LIBRARY ARCHIVES Kerala Legislative Assembly